**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **14-02-2013-ലെ മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നമ്പർ. 2770**

**തോട്ടം തൊഴിലാളികൾക്കുള്ള കർമ്മ പദ്ധതികൾ**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ: | ശ്രീ. ഷിബു ബേബിജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) തോട്ടം മേഖലയിലെ തൊഴിലാളികളുടെ നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ വളരെ ശോചനീയമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ചില തോട്ടങ്ങളിലെ തൊഴിലാളികളുടെ വാസസ്ഥലങ്ങൾ നിലവാരമില്ലാത്തതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) തോട്ടം മേഖലയിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ ആകർഷകമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നത് പ്ളാന്റേഷൻ ലേബർ കമ്മിറ്റിയാണ്. ഈ കമ്മിറ്റി സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് തൊഴിലാളി സംഘടനാ പ്രതിനിധികളും തൊഴിലുടമാ പ്രതിനിധികളും സർക്കാർ പ്രതിനിധികളും ബഹു. തൊഴിൽ വകുപ്പു മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തി വ്യവസ്ഥകൾ ആകർഷകമാക്കാറുണ്ട്. |
| (സി) തോട്ടം മേഖലയിലെ തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ? | (സി) തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി വേതന പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ തൊഴിലാളികളുടെ വാസസ്ഥലം (ലയങ്ങൾ) മെച്ചപ്പെടുത്തുന്നതിനായി 500 ലക്ഷം രൂപ 2012-13-ലെ ബഡ്ജറ്റിൽ സർക്കാർ വകയിരുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ഭരണാനുമതിയും നല്കിയിട്ടുണ്ട്. ചികിത്സാ സൗകര്യങ്ങൾ എല്ലാ തോട്ടങ്ങളിലും നൽകുന്നതിനായി തോട്ടം ഉടമകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുവാൻ പ്ളാന്റേഷൻ ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**